LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ

187 (8023) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ കണക്ഷൻ നൽകുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളുമായി ധാരണയിൽ എത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുന്നതിനുള്ള പൊതുവായ ഒരു സംവിധാനം നിലവിലില്ല. എന്നാൽ സർക്കാർ വെബ്സൈറ്റുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (KSWAN) എന്ന പദ്ധതി ഐ.ടി. മിഷൻ മുഖേന നടപ്പാക്കി വരുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി എടുക്കുന്നത് അതത് വകുപ്പ്/സ്ഥാപന മേധാവികളാണ്. ഇത് സംബന്ധിച്ച് ഐ.ടി. വകുപ്പിനോട് ഉപദേശം തേടുന്ന വകുപ്പുകൾക്ക് കണക്ടിവിറ്റി സംബന്ധിച്ച അഭിപ്രായം നൽകാറുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ്/ ബാന്റ്വിഡ്ത്ത് കണക്ടിവിറ്റി ലഭ്യമാക്കണം എന്നതുൾപ്പെടെയുള്ള നിബന്ധനകൾക്ക് വിധേയമായി താഴെ ചേർത്തിരിക്കുന്ന ടെലികോം സേവന ദാതാക്കൾക്ക് ഓപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1. റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്
2. ഐഡിയാ സെല്ലുലാർ ലിമിറ്റഡ്/ എസ്സാർടെൽ
3. വോഡഫോൺ/Essar/BPL/Hutch
4. ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ്
5. എയർടെൽ/ഭാരതി ടെലി വെർച്വൽ ലിമിറ്റഡ്
6. ടാറ്റാ ടെലി സർവീസ്
7. ഡിജിറ്റൽ എന്റർടെയൻമെന്റ് നെറ്റ്വർക്ക്/ഡിഷ് നെറ്റ്
8. ടാറ്റാ കമ്മ്യൂണിക്കേഷൻസ്/VSNL
9. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്
10. റെയിൽടെൽ കോർപ്പറേഷൻ
11. കൃനെറ്റ് പ്രൈവറ്റ് ലിമിറ്റഡ്
12. സീ ഇന്ററാക്ടീവ് ലിമിറ്റഡ്
13. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ